Draft #13 of File 64945/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Sep-2021 04:15 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല**

64945/AC A1-2/2021/AC A 1 01.09.2021

# പരിപത്രം

| | |
|---|---|
| വിഷയം :- | പരിശീലനം ലഭിച്ച സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കിക്കൊണ്ട് "Student Counselling Centre" ആരംഭിക്കണമെന്നുള്ള യു.ജി.സി. നിർദേശം സർവ്വകലാശാലാതലത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്:- |

സൂചന : 1)പരിപത്രം നമ്പർ 64945/AC A 1-2/2021/AC A 1 തീയതി 16.05.2021

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, വിദ്യാർത്ഥികൾ നേരിടുന്ന മാനസിക പ്രശ്നങ്ങൾക്കും വെല്ലുവിളികൾക്കും പരിഹാരം കാണുന്നതിനായി, RCI Registered ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കിക്കൊണ്ട് "Students Counselling Centre" ആരംഭിക്കണമെന്ന് സൂചന (1) പ്രകാരം സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും നിർദ്ദേശം നൽകിയിരുന്നു.

വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കലാലയങ്ങളിലെ കൗൺസിലിംഗ് സൈക്കോളജിസ്റ്റിന്റെ യോഗ്യത , *സൈക്കോളജിയിൽ ബിരുദാനന്തര ബിരുദവും മതിയായ പരിശീലനവും* എന്ന് ഭേദഗതി ചെയ്തിരിക്കുന്നു.

തദനുസരണം സൂചന (1) പരിപത്രം ചുവടെ ചേർക്കും വിധം പരിഷ്കരിച്ചിരിക്കുന്നു.

*"ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, വിദ്യാർത്ഥികൾ നേരിടുന്ന മാനസിക പ്രശ്നങ്ങൾക്കും വെല്ലുവിളികൾക്കും പരിഹാരം കാണുന്നതിനായി, സൈക്കോളജിയിൽ ബിരുദാനന്തര ബിരുദവും മതിയായ പരിശീലനവും ഉള്ള ഒരാളുടെ സേവനം ലഭ്യമാക്കിക്കൊണ്ട്"Students Counselling Centre" ആരംഭിക്കേണ്ടതാണ്".*

**കാഞ്ചന എൻ നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I ( അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ

2.വകുപ്പ് മേധാവി, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്

3 .വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

4.രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

5.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

6.പി.ആർ.ഒ.

7.ഐ.ക്യൂ.എ .സി / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്

8.എസി എ 7/ എസി ബി.7/ എസി എ4

9.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

Draft #13 of File 64945/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Sep-2021 04:15 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം